# കിനാലൂർ
# ഭൂമാഫിയകൾക്ക് താക്കീതായി ബഹുജനറാലി

**മതതീവ്രവാദികളെന്നാരോപിച്ച്** കിനാലൂർ പ്രശ്നത്തിൽ സോളിഡാരിറ്റിയെ ഒറ്റപ്പെടുത്താനും 'ചെരിപ്പുനഗരത്തി'ലേക്ക് സ്വർഗപാത പണിയാനുമുള്ള ഭരണകർത്താക്കളുടെ നീക്കങ്ങൾക്ക് താക്കീതായി ബാലുശ്ശേരിയിൽ ബഹുജനറാലിയും പൊതുസമ്മേളനവും. ഭൂമാഫിയകളുടെ സംരക്ഷകരായി അവതരിച്ച മന്ത്രിക്കും കലക്ടർക്കും എതിരെ വിപ്ലവ യുവതയുടെ പ്രതിഷേധക്കനൽ.

വികസന ഭീകരതയെ ചെറുക്കുക, ജനപക്ഷ വികസനത്തിന്റെ കാവലാളാവുക എന്ന മുദ്രാവാക്യമുയർത്തി സംഘടിപ്പിച്ച പരിപാടിയിലേക്ക് ഒഴുകിയെത്തിയത് ഇരകളടക്കമുള്ള ആയിരങ്ങൾ. എന്തുസംഭവിച്ചാലും തങ്ങൾ തിരിഞ്ഞു നോക്കില്ലെന്ന പോലീസ് മേധാവികളുടെ ധാർഷ്ട്യത്തിനു മുന്നിൽ മുട്ടുമടക്കാതെ തികഞ്ഞ അച്ചടക്കത്തിൽ നടത്തിയ സമ്മേളനം ബാലുശ്ശേരിക്കാർക്ക് പുത്തൻ അനുഭവമായി.

പതിറ്റാണ്ടുകളായി താമസിക്കുന്ന വീടുകളിൽനിന്നും കുടിയിറക്കപ്പെടുന്ന ഇരകളുടെ അറിയാനുള്ള അവകാശത്തെ നിഷേധിക്കുന്നതാണ് ഏറ്റവും വലിയ അതിക്രമമെന്ന് പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി പറഞ്ഞു. കിനാലൂരിൽ വികസന ഭീകരത നടപ്പാക്കാനാണ് ബന്ധപ്പെട്ടവർ തിടുക്കം കാട്ടുന്നത്. പ്രകൃതിബന്ധുവും ജനബന്ധുവും ആയിരിക്കണം വികസനം. ഇതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ വികസന സങ്കൽപം. ഈ സങ്കൽപത്തിന്റെ പ്രായോഗികതയാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ജനകീയ പോരാട്ടങ്ങളുടെ ഇടപെടലിലൂടെ സോളിഡാരിറ്റി കാണിച്ചുകൊടുക്കുന്നത്.

റോഡിന്റെ വീതി എത്ര, പ്രൊജക്ട് വരുന്നത് എത്ര ഏക്കറിൽ, അവശേഷിക്കുന്ന സ്ഥലം ആരുടെയൊക്കെ കൈകളിൽ, എത്ര ഭൂമി കർഷകരുടെ കൈവശം, ഭൂമാഫിയകളും ട്രേഡ് യൂനിയൻ നേതാക്കളും കൈവശപ്പെടുത്തിയ ഭൂമിയെത്ര, റോഡിന്റെ ഗുണഭോക്താക്കൾ ആര്, വിദേശകമ്പനികളാണ് വരുന്നതെങ്കിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ നടപടി എടുത്തിട്ടുണ്ടോ എന്നൊക്കെ അറിയാനുള്ള അവകാശം കുടിയിറക്കപ്പെടുന്നവർക്കുണ്ട്. ഇത് നിഷേധിക്കുകയാണ് ഭരണകൂടം ചെയ്തുകൊണ്ടിരിക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമിയോ സോളിഡാരിറ്റിയോ വികസനത്തിന് എതിരല്ല. വികസന പദ്ധതികൾ സുതാര്യമായിരിക്കണം. സാധാരണക്കാർക്ക് വേണ്ടിയായിരിക്കണം. മുതലാളിമാർക്കും ഭൂമാഫിയകൾക്കും കോർപറേറ്റ് കമ്പനികൾക്കും മാത്രമാകരുത്. അദ്ദേഹം ഓർമിപ്പിച്ചു.

എല്ലാ സംഘടനകളിലും പെട്ടവർ കിനാലൂർ സമരത്തിൽ ഉണ്ടായിരിക്കെ ജമാഅത്തിനോ സോളിഡാരിറ്റിക്കോ സമരം സ്വന്തമായി അവകാശപ്പെടാൻ സാധിക്കില്ല. അങ്ങനെ ചെയ്താൽ അത് നന്ദികേടായിരിക്കും. മന്ത്രി കരീമിന്റെ ആരോപണം അഭിമാനമായി കരുതുകയാണ്. തല ഉയർത്തിപ്പിടിച്ച് ഞങ്ങൾ സമരരംഗത്തുണ്ടാകും. കിനാലൂർ സംഭവത്തിൽ സോളിഡാരിറ്റി ഉന്നയിച്ച വാദമുഖങ്ങൾ ശരിയാണെന്നതിന് മുഖ്യമന്ത്രിയുടെ പത്രസമ്മേളനം തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

സമരത്തെ ചോരയിൽ മുക്കിക്കൊല്ലാൻ കേരള ജനതയും മാധ്യമങ്ങളും അനുവദിക്കില്ലെന്നും അമീർ കൂട്ടിച്ചേർത്തു. മന്ത്രി കരീം വിശദീകരണങ്ങൾ ദിനംപ്രതി മാറ്റുകയാണ്. കലക്ടറുടെ വിശദീകരണങ്ങളും ദുരൂഹത വർധിപ്പിക്കുന്നു. വ്യവസായ വികസനത്തിന് ഓടിനടക്കുന്ന മന്ത്രി കരീം തന്റെ ഇമേജ് കിനാലൂർ സംഭവത്തിലൂടെ കളഞ്ഞ് കുളിച്ചെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി ഇതിനെ അഭിമാന പ്രശ്നമാക്കി എടുക്കരുത്. അതിവൈകാരികതയോടെ പ്രശ്നത്തെ കാണുന്നത് ഒഴിവാക്കാൻ ശ്രമിക്കണം. അദ്ദേഹം പറഞ്ഞു.

ജമാഅത്ത് നിലപാടുകൾക്ക് എത്രത്തോളം ശക്തിയുണ്ടെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് ഫലങ്ങൾ വിശകലനം ചെയ്താൽ മനസിലാവും. അത്തരം നിലപാടുകളുടെ ഗുണഭോക്താക്കൾ ഇടതു

പക്ഷം ആയിരുന്നുതാനും. കിനാലൂര്‍ സമരത്തെ പാര്‍ശ്വവല്‍ക്കരിക്കാമെന്ന മോഹം ആര്‍ക്കും വേണ്ടെന്നും അദ്ദേഹം കൂട്ടിച്ചേര്‍ത്തു.

കേരളത്തിലങ്ങോളമിങ്ങോളമുള്ള ജനപക്ഷസമരങ്ങളുടെ മുന്നില്‍ നടക്കുന്ന സോളിഡാരിറ്റിയെ മതതീവ്രവാദ ആരോപണം ഉന്നയിച്ച് തളര്‍ത്തിക്കളയാമെന്നും കിനാലൂര്‍ സമരത്തെ വഴിതിരിച്ചുവിടാമെന്നും ആരും കരുതേണ്ടതില്ലെന്ന് മുഖ്യപ്രഭാഷണം നടത്തിയ സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുര്‍റഹ്മാന്‍ പറഞ്ഞു. കിനാലൂരില്‍ സര്‍ക്കാര്‍ മെഷിനറി പാര്‍ട്ടി മെഷിനറിയായി അധഃപതിച്ചിരിക്കുന്നു. ജനകീയ സമരങ്ങളോട് ഉണ്ടാവാന്‍ പാടില്ലാത്ത പ്രതികരണങ്ങളാണ് ബന്ധപ്പെട്ടവരില്‍നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 'വികസനത്തിന്റെ കിനാലൂര്‍പാഠം' ഡോക്യുമെന്ററി പ്രകാശനവും മുജീബുര്‍റഹ്മാന്‍ നിര്‍വഹിച്ചു. മാളിക്കടവ്-കിനാലൂര്‍ പാതയുടെ പാരിസ്ഥിതിക ആഘാതങ്ങള്‍ പുറപ്പുറത്ത് കയറി വിളിച്ച് പറഞ്ഞതാണ് മാവോയിസവും വര്‍ഗീയവാദവും എങ്കില്‍ പ്രസ്തുത ആരോപണം ഏറ്റെടുക്കാന്‍ തയാറാണെന്ന് ജനജാഗ്രതാസമിതി കണ്‍വീനര്‍ റഹ്മത്തുല്ല മാസ്റ്റര്‍ പറഞ്ഞു.

മന്ത്രി കരീമിനുള്ള മറുപടി മുഖ്യമന്ത്രിതന്നെ നല്‍കിയിട്ടുണ്ടെന്നും സോളിഡാരിറ്റി ഇടപെടല്‍ സമരത്തിന് പ്രചോദനവും ആവേശവും നല്‍കിയിട്ടുണ്ടെന്നും ധാര്‍ഷ്ട്യത്തിന്റ വഴിവിട്ട് ജനപക്ഷത്തേക്ക് തിരിച്ചുവരാന്‍ മന്ത്രിയും ജില്ലാ കലക്ടറും തയാറാവണമെന്നും ജനകീയ ഐക്യവേദി കണ്‍വീനര്‍ നിജേഷ് അരവിന്ദ് പറഞ്ഞു.

പോലീസിനെ ബോംബെറിഞ്ഞ് പ്രതികളെ മോചിപ്പിക്കുകയും കുട്ടികളുടെ മുന്നിലിട്ട് അധ്യാപകനെ വെട്ടിക്കൊല്ലുകയും കരിഓയില്‍ സംസ്കാരം കേരളത്തിന് പരിചയപ്പെടുത്തുകയും ചെയ്തവര്‍ ജമാഅത്തിനും സോളിഡാരിറ്റിക്കും സമരരീതികള്‍ ഉപദേശിക്കുന്നത് പരിഹാസ്യമാണെന്ന് ജമാഅത്തെ ഇസ്‌ലാമി പൊളിറ്റിക്കല്‍ സെക്രട്ടറി ഹമീദ് വാണിമേല്‍ പറഞ്ഞു. ജനകീയ സമിതി കണ്‍വീനര്‍ ദേവദാസ് മോരിക്കര, ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി എം.കെ മുഹമ്മദലി, സോളിഡാരിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് കെ.എ ഷഫീഖ്, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് പി.സി ബഷീര്‍, മേഖലാ പ്രസിഡന്റ് പി.സി മുഹമ്മദ് കുട്ടി, സോളിഡാരിറ്റി മേഖലാ പ്രസിഡന്റ് സി.പി ജൗഹര്‍ സംബന്ധിച്ചു. ജില്ലാ പ്രസിഡന്റ് റസാഖ് പാലേരി അധ്യക്ഷത വഹിച്ചു. നബീല്‍ ചാലിയം സ്വാഗതവും നാസര്‍ ശിവപുരം നന്ദിയും പറഞ്ഞു. ■

**സാമിര്‍ ജലീല്‍ ഉള്ള്യേരി**